## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1003

06.06.2018-ൽ മറുപടിയ്ക്ക്.

## സ്വയംപര്യാപ്ത ക്ഷീര കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.ഡി.കെ. മുരളി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വയംപര്യാപ്ത ക്ഷീരകേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല |
| (ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിനുള്ള ഊർജിത നടപടികളുടെ ഫലമായി പാലുല്പാദനത്തിൽ തുടർച്ചയായ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. 2016-17 വർഷം ആകെ 594034887 ലിറ്റർ പാൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സംഭരിച്ചു. 2017-18-ൽ 664212532 ലിറ്റർ പാലും സംഭരിച്ചിട്ടുണ്ട്. 11.81% ത്തിന്റെ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്. |
| (സി) സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ എത്ര ശതമാനം പാൽ ഇപ്പോൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്ത് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമായിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 80 ശതമാനത്തിലധികം പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. |
| (ഡി) ക്ഷീരോല്പാദന രംഗത്ത് പുതുതായി നടപ്പാക്കി വരുന്ന ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ? | (ഡി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത താഴെപ്പറയുന്ന 10 ഗ്രാമപഞ്ചായത്തുകളിലാണ് 2018-19 സാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. |

| ക്രമ നം | പഞ്ചായത്ത് | ജില്ല |
|---|---|---|
| 1. | വെമ്പായം | തിരുവനന്തപുരം |
| 2. | തൊടിയൂർ | കൊല്ലം |
| 3. | മേലില | കൊല്ലം |
| 4. | വയലാർ | ആലപ്പുഴ |
| 5. | കോലാഴി | തൃശ്ശൂർ |
| 6. | കണ്ണമംഗലം | മലപ്പുറം |

| | | |
|---|---|---|
| 7. | വട്ടൻകളം | മലപ്പുറം |
| 8. | ചെറുവാന്നൂർ | കോഴിക്കോട് |
| 9. | തില്ലങ്കേരി | കണ്ണൂർ |
| 10. | പനത്തടി | കാസർഗോഡ് |

ഇതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| ക്രമ നം | പദ്ധതിയുടെ പേര് | സബ്സിഡി തുക |
|---|---|---|
| 1. | ഗോധാനം | 33,000 |
| 2. | 2 പശു യൂണിറ്റ് | 66,000 |
| 3. | 5 പശു യൂണിറ്റ് | 1,77,000 |
| 4. | 10 പശു യൂണിറ്റ് | 3,66,000 |
| 5. | 5 കിടാരി യൂണിറ്റ് | 98,800 |
| 6. | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7. | ഗോകുലം ഡെയറി യൂണിറ്റ് | 2,00,000 |
| 8. | അവശ്യാധിഷ്ഠിത ധനസഹായം | 50,000 |
| 9. | കറവ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം | 20,000 |
| 10. | ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മാണം | 50,000 |
| 11 | ഫാം മെക്കനൈസേഷൻ | 25,000 |

**സെക്ഷൻ ഓഫീസർ**